# പതിന്നാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3590 20.06.2018-ൽ മറുപടിക്ക്**

**വകുപ്പ് തലത്തിൽ വന്ന വീഴ്ചമൂലം നഷ്ടമായ ജോലി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. പി.ടി.എ. റഹീം** | **ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സ.ഉ (സാധാ) നം. 1667/2018/ആകുവ തീയതി 19/05/2018 ഉത്തരവനുസരിച്ച് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;<br>(ബി) വകുപ്പുതലത്തിൽ വന്ന വീഴ്ചമൂലം ഗൾഫിലെ ജോലി രാജിവെച്ച് തിരിച്ചുവരുന്ന ഉദ്യോഗാർത്ഥിക്ക് ജോലി നഷ്ടമായ കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചത്;<br>(സി) പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്യിട്ടില്ലാത്ത വേക്കൻസികളിൽ ജോലി നഷ്ടമായ ഉദ്യോഗാർത്ഥിയെ പരിഗണിക്കുന്നതിനുള്ള സർക്കാർ തീരുമാനത്തിന് പി.എസ്.സി യുടെ അനുമതി ആവശ്യമുണ്ടോ; വ്യക്തമാക്കുമോ? | (എ), (ബി) & (സി) 19/05/2018-ലെ സ.ഉ (സാധാ) നം. 1667/2018/ആകുവ പ്രകാരം ഡോ. യാസർ അറാഫത്തിന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ നിയമനം നൽകുന്നതിന് നിർദ്ദേശം നൽകിയിരുന്നു. വകുപ്പ് തലത്തിൽ വന്ന വീഴ്ച മൂലം സർവ്വീസിൽ പ്രവേശിക്കാനുള്ള അവസരം നഷ്ടപ്പെട്ട ഉദ്യോഗാർത്ഥിക്ക്, ഇപ്പോൾ നിലവിലുള്ളതും പബ്ലിക് സർവ്വീസ് കമ്മീഷന് ഇതുവരെയും റിപ്പോർട്ട് ചെയ്യിട്ടില്ലാത്തതുമായ ഒഴിവിലേക്കോ ഇപ്രകാരം ഒഴിവ് നിലവിലില്ലാത്ത പക്ഷം ഏറ്റവും ആദ്യം ഉണ്ടാകുന്നതോ, ഒഴിവ് വരുന്നതോ ആയ അസിസ്റ്റന്റ് സർജൻ തസ്തികയിലേക്കോ നിയമനം നൽകുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകി സ.ഉ (സാധാ) നം. 1667/2018/ആകുവ തീയതി 19/05/2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. കൂടാതെ, ടിയാന് നിയമന നിർദ്ദേശം നല്കപ്പെട്ട ഒഴിവ് NJD ആയി റിപ്പോർട്ട് ചെയ്തവർക്കെതിരെ അച്ചടക്കനടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ബന്ധപ്പെട്ടവരുടെ പേരു വിവരങ്ങൾ ലഭ്യമാക്കുവാൻ ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. 1958-ലെ KS & SSR -ലെ ചട്ടം 39 പ്രകാരം സർക്കാരിൽ നിക്ഷിപ്തമായ പ്രത്യേക അധികാരം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**